II.ഇ.ബി. XII--കേരള നിയമസഭ/V--3

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 ജൂൺ 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*61) മോട്ടോർ വാഹന വകുപ്പിലെ അഴിമതി

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയുന്നതിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി പുതിയ ലൈസൻസ്/പുതുക്കിയ ലൈസൻസ് എന്നിവ രജിസ്ട്രേർഡ് പോസ്റ്റായി അപേക്ഷകർക്ക് അയച്ചുകൊടുക്കുന്ന രീതി നടപ്പിലാക്കുകയും അവരെ ഓഫീസുകളിൽ നിന്നും അകറ്റിനിർത്തുന്നത് സംബന്ധിച്ച് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസ്റ്റ് ടാക്സി പെർമിറ്റുകൾ/നാഷണൽ പെർമിറ്റുകൾ എന്നിവ സംബന്ധിച്ചുള്ള എല്ലാ നടപടിക്രമങ്ങളും തപാൽമാർഗ്ഗം സ്വീകരിക്കുന്നതിനും രജിസ്ട്രേർഡ് പോസ്റ്റായി മടക്കി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്കു പുറമെ മറ്റ് സേവനങ്ങൾ

കൂടി തപാൽമാർഗ്ഗം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായി തെളിഞ്ഞാൽ അവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ച് കർശന ശിക്ഷ നൽകുന്നുണ്ട്. ഇടനിലക്കാരുടെ ഭീഷണിക്ക് വഴങ്ങാത്ത സത്യസന്ധരായ ഉദ്യോഗസ്ഥരെ കൈയ്യേറ്റം ചെയ്യുന്ന കാര്യത്തിൽ പോലീസ് ഇടപെട്ട് കേസ്സെടുക്കുന്നുണ്ട്. പല ട്രാൻസ്പോർട്ട് ഓഫീസുകളിലും വകുപ്പു മന്ത്രിയുടേയും ട്രാൻസ്പോർട്ട് കമ്മിഷണറുടേയും നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിലെ പെന്റൻസി ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. . മോട്ടോർ വാഹന വകുപ്പിലെ 61 ഓഫീസുകൾ കംപ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. വണ്ടിപ്പെരിയാർ, നെടുമങ്ങാട്, ഗുരുവായൂർ, ആലത്തൂർ എന്നീ സബ് ഓഫീസുകളിൽ കംപ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. മോട്ടോർ വാഹന വകുപ്പിൽ കംപ്യൂട്ടറൈസേഷന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കാൻ വകുപ്പിന്റെ ഒരു വെബ്സൈറ്റുണ്ടാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആർ.ടി.ഒ. ഓഫീസിലെ ടൈമിംഗ് കോൺഫറൻസ് യഥാസമയം നടത്താനും കെ.എസ്.ആർ.ടി.സി.ക്ക് തടസ്സം വരാത്ത രീതിയിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 18-4-07-ൽ കാലാവധി അവസാനിച്ച 31 റൂട്ടുകളിലോടുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് അതേ നിലയിൽ നിലനിർത്തുകയും കെ.എസ്.ആർ.ടി.സി.ക്ക് ബസ് ലഭ്യമാകുന്ന മുറയ്ക്ക് റദ്ദ് ചെയ്യാൻ നിർദ്ദേശം നൽകിക്കൊണ്ട് 9-5-07-ൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി

ഓഫീസർമാരുടെ എണ്ണം വർദ്ധിക്കാത്തതിനാൽ ഒരു താലൂക്കിൽ ഒരു ജോയിന്റ് ആർ.ടി.ഒ. എന്ന കണക്കിൽ നിയമിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സഹായത്തോടെയുള്ള ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ എടപ്പാളിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ കോഴിക്കോട് നിലവിലുള്ള ട്രെയിനിംഗ് സെന്റർ മെച്ചപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടൂറിസ്റ്റ് വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്ന കാര്യം എസ്. ടി. എ. പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും മൂന്നാറിൽ ഒരു ജോയിന്റ് ആർ.ടി.ഒ. ഓഫീസ് തുടങ്ങുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് ചെയ്യാവുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി അറിയിച്ചു.

17 (* 62) <u>കുട്ടികൾക്കുള്ള പ്രതിരോധ മരുന്നുകൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ) നൽകിയ മറുപടിയിൽ, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്, പൾസ് പോളിയോ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ ഗുണകരമല്ലെന്ന ഡോക്ടർമാരുടെ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും രോഗ പ്രതിരോധ കുത്തിവയ്പ്പുകളെക്കുറിച്ചുള്ള സാധാരണക്കാരുടെ സംശയങ്ങൾ മാറ്റുന്നതിന് ജില്ലാ-പഞ്ചായത്ത്-തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച ലേഖനങ്ങളും പ്രസ്താവനകളും മറ്റും നൽകി പ്രചാരണവും സംശയദൂരീകരണവും നടത്തുന്നതു കൂടാതെ കുടുംബശ്രീ, നാട്ടുകൂട്ടം തുടങ്ങിയവയിലൂടെ ജനപ്രതിനിധികളുടെ

സഹായത്തോടുകൂടി ബോധവൽക്കരണവും നടത്തിവരുന്നു. പ്രതിരോധ മരുന്നുകളുടെ സാമ്പിളുകൾ ഹിമാചൽപ്രദേശിലുള്ള കസോളി നാഷണൽ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തുകയും വിതരണ സംഭരണ പ്രക്രിയയിലുടനീളം ശീതശൃംഖലാ സംവിധാനം (Cold Chain System) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പോളിയോ നിർമ്മാർജ്ജനം ഒരു ലക്ഷ്യമാക്കി പ്രഖ്യാപിച്ച സംസ്ഥാനത്ത് പോളിയോ കുത്തി വയ്പ്പുകൾ തുടരേണ്ടതായിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നാഷണൽ റൂറൽ ഹെൽത്ത് മിഷനുമായി സഹകരിച്ചുകൊണ്ട് ആലപ്പുഴ, തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ വാർഡ് തലത്തിൽ 5000 രൂപ കൊടുത്തുകഴിഞ്ഞു. ആലപ്പുഴ ജില്ലയ്ക്ക് 10,000 രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം-ഉമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ആവശ്യമായ തുക ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 1996 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ പകർച്ച വ്യാധി പിടിപെടുന്നവരുടെ എണ്ണവും അതുമൂലമുള്ള മരണവും കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. സബ് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഫീൽഡ് സ്റ്റാഫിന്റെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഹോസ്പ്പിറ്റലുകളിലെ ഓപ്പറേഷൻ തിയേറ്ററുകൾ അണു വിമുക്തമാക്കാനുള്ള കാര്യത്തിൽ ഗവൺമെന്റ് അതീവ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

18 (*64) <u>മാലിന്യ വിമുക്ത കേരളം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തെ മാലിന്യ വിമുക്തമാക്കണമെന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിവരുന്ന മാലിന്യ വിമുക്ത കേരള പരിപാടിയുമായി ആരോഗ്യവകുപ്പ് സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നറിയിച്ചു. ഇതിനായി 10147 വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, സൂപ്പർവൈസർമാർ, ഡോക്ടർമാർ തുടങ്ങിയ ആരോഗ്യ വകുപ്പ് ജീവനക്കാർ ഈ പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൊതുകുജന്യ രോഗങ്ങളും ജലജന്യ രോഗങ്ങളും തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരോഗ്യ വകുപ്പ് നടത്തുന്നുണ്ട്. കുടിവെള്ള ശുചീകരണത്തിനാവശ്യമായ ബ്ളീച്ചിംഗ് പൗഡർ, കൊതുകു നിവാരണത്തിനാവശ്യമായ കീടനാശിനികൾ മുതലായവ ആരോഗ്യവകുപ്പ് ലഭ്യമാക്കുന്നുണ്ട്.

19 (*74) <u>അനാഥാലയങ്ങളും വൃദ്ധസദനങ്ങളും</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഓർഫനേജ് കൺട്രോൾ ബോർഡ് ഇതുവരെ 1354 ധർമ്മ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഒരു അന്തേവാസിക്ക് പ്രതിമാസം 150/- രൂപ നിരക്കിൽ അവയ്ക്ക് സർക്കാർ അനുമതിയോടുകൂടി ഗ്രാന്റ് നൽകുന്നുണ്ടെന്നും അറിയിച്ചു. 617 അനാഥാലയങ്ങൾക്കും 153 വൃദ്ധസദനങ്ങൾക്കും 4 യാചക മന്ദിരങ്ങൾക്കും സർക്കാർ ഗ്രാന്റിന് അനുമതിയുണ്ട്.

20 (*75) <u>മെഡിക്കൽ സർവ്വകലാശാല</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് മെഡിക്കൽ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച പദ്ധതി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും സർക്കാരിന്റെയും സ്വാശ്രയ സഹകരണ മേഖലകളിലേയും എല്ലാ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി സ്ഥാപനങ്ങളെയും മറ്റ് പാരാ മെഡിക്കൽ സ്ഥാപനങ്ങളെയും നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരിക, ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയ്ക്ക് വേണ്ടി 'ആയുഷ്' എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ ഓരോന്നിനും വെവ്വേറെ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുകയോ ചെയ്യുക എന്നിവയാണ് അതിലെ പ്രധാന നിർദ്ദേശങ്ങളെന്നും അറിയിച്ചു.

21 (*84) <u>അംഗവൈകല്യമുള്ളവർക്കായി ക്ഷേമപദ്ധതികൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2001-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 8,60,794 അംഗവൈകല്യമുള്ളവർ ഉണ്ടെന്നറിയിച്ചു.

22 (*85) <u>''ഗാലസ കൃഷി''</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നെൽകൃഷി ലാഭകരമാക്കുന്ന കൃഷി രീതികൾക്ക് തുടക്കം കുറിക്കുവാനും കൃഷി ഉപേക്ഷിക്കുന്ന നെൽ കർഷകരെ നെൽക്കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പാലക്കാട്, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകൾ 1998-ലും 2006-07 ലും 'ഗാലസ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടെന്നറിയിച്ചു. ഈ പദ്ധതി വ്യാപകമാ

ക്കുന്ന കാര്യത്തെക്കുറിച്ച് കൃഷി വകുപ്പുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

23 (*88) <u>തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി പദ്ധതി തയ്യാറാക്കൽ, പദ്ധതി നിർവ്വഹണം, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ടെന്നറിയിച്ചു. 2006-07 സാമ്പത്തിക വർഷത്തിൽ വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള വിഹിതമായി നൽകിയ തുകയുടെ 87.02% തദ്ദേശഭരണ സ്ഥാപനങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്നതിലേയ്ക്കായി വിവിധ വിഷയങ്ങളിൽ കൈപ്പുസ്തകങ്ങൾ നൽകാറുണ്ട്. കൂടാതെ പദ്ധതി രൂപീകരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് താഴെ ത്തട്ടിൽ ഗ്രാമസഭകളേയും, പഞ്ചായത്തുതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളേയും ബ്ളോക്ക്/ജില്ലാതലത്തിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

29 (403) <u>തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>

വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നീക്കി വച്ചിരുന്ന തുകയിൽ ഗ്രാമപഞ്ചായത്തുകൾ 689,10,45,154 രൂപയും ബ്ളോക്ക് പഞ്ചായത്തുകൾ 183,72,30,878 രൂപയും ജില്ലാ

പഞ്ചായത്തുകൾ 178,46,00,000 രൂപയും 2006-07 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

30 (421) ജവഹർലാൽ നെഹ്രു നഗര പുനരുദ്ധാരണ പദ്ധതി

ജവഹർലാൽ നെഹ്രു നഗര പുനരുദ്ധാരണ പദ്ധതി പ്രകാരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് 1743.2 ലക്ഷം രൂപയും കൊച്ചി കോർപ്പറേഷന് 2158.88 ലക്ഷം രൂപയും ധനസഹായമായി ലഭിച്ചിട്ടുണ്ട്.

31 (426) ഗ്രാമീണ സഡക് യോജന

ഗ്രാമീണ സഡക് യോജന പ്രകാരം 294.20 കോടി രൂപ അടങ്കൽ തുക വരുന്ന 733.272 കിലോമീറ്റർ ദൈർഘ്യമുള്ള 322 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

32 (431) പി.എം.ജി.എസ്.വൈ. പദ്ധതി വിഹിതം

പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം 2007 മാർച്ച് 31 വരെ സംസ്ഥാനത്തിന് 199.09 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചതിൽ 136.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് 181.54 കോടി രൂപയും റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതിക്ക് 17.54 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

33 (438) ഹജ്ജ് ഹൗസ് നിർമ്മാണം

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഹജ്ജ് ഹൗസ് നിർമ്മാണത്തിനുവേണ്ടി 50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് പബ്ളിക് കോൺട്രിബ്യൂഷൻ വഴി 29.42 ലക്ഷം രൂപ സംഭരിച്ചു. ഇതിന്റെ പണി പൂർത്തിയാക്കാൻ 4.50 കോടി രൂപ കൂടി വേണ്ടിവരും.

34 (449) <u>കെ.എസ്.ആർ.ടി.സി. ബസ്സുകൾ</u>

കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ 4559 ബസ്സുകൾ ഉള്ളതിൽ 1225 എണ്ണം 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്. നിലവിലുള്ള ഷെഡ്യൂൾ അനുസരിച്ച് സർവ്വീസ് നടത്തുന്നതിന് 4994 ബസ്സുകൾ ആവശ്യമാണ്. ആയിരം പുതിയ ബസ്സുകൾ വാങ്ങാൻ കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നുണ്ട്.

35 (509) <u>സി.എച്ച്.സി.യെ മാതൃകാ ആശുപത്രിയാക്കുവാൻ നടപടി</u>

കേരളത്തിലെ 115 സി.എച്ച്.സി.കൾ ഇന്ത്യൻ പൊതുജനാരോഗ്യ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ ആരംഭിച്ചതനുസരിച്ച് 2007 ആഗസ്റ്റ് മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ട്.

36 (583) <u>കെ.ഐ.ഐ.ഡി.സി.യുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. ചമ്രവട്ടം പ്രോജക്ടിന്റെ പൂർത്തീകരണം
2. ഇറിഗേഷൻ വാട്ടർ സപ്ളൈ സ്കീം നടപ്പാക്കൽ
3. ലോൺ എടുത്ത് ബോണ്ട് ഇഷ്യൂ ചെയ്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രോജക്ട് നടപ്പിലാക്കൽ.